ചോദ്യോത്തരങ്ങൾ കമ്പ്യൂട്ടറിൽ ആക്കുന്ന LAIS-ന്റെ ഉദ്ഘാടനമാണ് അന്ന് ബഹുമാനപ്പെട്ട് മുഖ്യമന്ത്രി നിർവ്വഹിച്ചത്. അന്നും ഞാൻ ഒരു കാര്യം സൂചിപ്പിച്ചിരുന്നു. പേപ്പർലെസ് നിയമസഭയാക്കി മാറ്റുന്നതിനുള്ള ശ്രമം ഇന്ത്യയിലെ പല നിയമസഭകളും തുടങ്ങിയിട്ടുണ്ട്. ഹിമാചൽ പ്രദേശ് നിയമസഭ ഇതിനകംതന്നെ അത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞു. മറ്റ് ചില നിയമസഭകൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായം ചോദിച്ചിട്ടുണ്ട്. നമ്മളും ആ വഴിക്ക് നീങ്ങണമെന്നു തന്നെയാണ് ചെയറിന്റെ ആഗ്രഹം. ഇതുസംബന്ധിച്ച് അധികം താമസിയാതെ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കന്മാരുടെ യോഗം വിളിച്ചുചേർക്കും. ആ യോഗത്തിൽ എടുക്കുന്ന തീരുമാനത്തിനനുസരിച്ച് മറ്റ് നടപടികൾ നമുക്ക് സ്വീകരിക്കാം. ഇത് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന കാര്യവുമാണ്. കേന്ദ്ര ഗവൺമെന്റിനോട് ആവശ്യമായ സഹായം ചോദിക്കണം. മുഴുവൻ തുകയും കേന്ദ്രത്തിൽനിന്ന് കിട്ടിയെന്ന് വരില്ല. ബാക്കി തുക കണ്ടെത്തേണ്ടതുണ്ട്. ഇപ്പോൾ തുടക്കം കുറിച്ചാലും 13-ാം കേരള നിയമസഭയിൽ പൂർണ്ണമായും പ്രാവർത്തികമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ലെങ്കിലും അധികം കഴിയുന്നതിനുമുമ്പ് കേരള നിയമസഭയിലും ഇത് യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമം വിവിധ രാഷ്ട്രീയകക്ഷി നേതാക്കന്മാരുമായി ആലോചിച്ച് സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിക്കുന്നു.

8. ഖാദി മേഖലയിലെ പ്രശ്നങ്ങൾ

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : സർ, ഖാദി എന്നത് കേവലം ഒരു ടെക്സ്റ്റൈൽ ഉൽപ്പന്നം മാത്രമല്ല. അത് ദേശീയത്വത്തിന്റെയും രാജ്യസ്നേഹത്തിന്റെയും സ്വാശ്രയത്വത്തിന്റെയും പ്രതീകം കൂടിയാണ്. ആ മേഖലയിൽ ജോലി ചെയ്യുന്നവരിൽ അധികവും പാവപ്പെട്ട സ്ത്രീകളാണ്. ഖാദി മേഖലയുടെ ഇന്നത്തെ സ്ഥിതി അത്യന്തം പരിതാപകരമാണ്. വളരെ തുച്ഛമായ ശമ്പളമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. റിബേറ്റ് കാലാകാലങ്ങളിൽ കൊടുക്കാത്തതുകൊണ്ട് അതിന്റെ ആനുകൂല്യം ആളുകൾക്ക് കിട്ടുന്നില്ല, ഉൽപ്പന്നങ്ങൾ യഥാസമയം വിറ്റഴിക്കപ്പെടുന്നില്ല. അതുപോലെ ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് സർക്കാർ കൊടുക്കേണ്ട വിഹിതം യഥാസമയം കൊടുക്കാത്തതുമൂലം അവർക്ക് പെൻഷനും ആനുകൂല്യങ്ങളും കൊടുക്കാൻ പറ്റുന്നില്ലെന്നുള്ളതാണ് സ്ഥിതി. ഇങ്ങനെ നിരവധി പരാതികളുണ്ട്. ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചുവെന്ന് പറയുന്നതുപോലെ ഇപ്പോൾ ഖാദി ഉൽപ്പന്നങ്ങൾക്ക് ടാക്സ് ചുമത്താനുള്ള നിർദ്ദേശം വന്നിരിക്കുന്നുവെന്നാണ് പറയപ്പെടുന്നത്. കഴിഞ്ഞ വർഷം ഈ നിർദ്ദേശം ഉണ്ടായിരുന്നു. വിവിധ ഭാഗത്തു നിന്നുള്ള അഭിപ്രായങ്ങൾ മാനിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

അക്കാര്യം ഉപേക്ഷിച്ചു. അടിയന്തരമായി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണം, റിബേറ്റ് കടിശ്ശികയും തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കുള്ള സർക്കാർ വിഹിതവും കൊടുക്കണം. ഖദർ വസ്ത്ര ധാരിയായ മാണിസാർ ഖാദി രംഗത്തോട് കാരുണ്യം കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഖാദിയോട് ആഭിമുഖ്യമുള്ള ആളാണ് ഞാൻ. അതുകൊണ്ടാണ് എല്ലാക്കാലവും ഞാൻ ഖാദി വസ്ത്രങ്ങൾ ധരിക്കുന്നത്. ആ നിലയ്ക്ക് നടപ്പു സാമ്പത്തിക വർഷം ഖാദിഗ്രാമ വ്യവസായ ബോർഡിന് ചില്ലറ വിൽപ്പനയ്ക്കുള്ള പ്രത്യേക റിബേറ്റ് ഇനത്തിൽ 7.13 കോടി രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തുകയും വിഭവ ലഭ്യതയുടെ അഭാവത്തിൽ 5 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഈ 5 കോടി രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റും ചെലവ് കണക്കുകളും നൽകുന്ന മുറയ്ക്ക് ബാക്കി തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നടപ്പുസാമ്പത്തിക വർഷം ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിനുള്ള സർക്കാർ വിഹിതം 20 ലക്ഷം രൂപ നൽകിയിരുന്നു. പ്രസ്തുത തുകയുടെയും 2014-15 വർഷം അനുവദിച്ച 20 ലക്ഷം രൂപയുടെയും വിനിയോഗ സർട്ടിഫിക്കറ്റും ഏറ്റവും പുതിയ ഓഡിറ്റ് അക്കൗണ്ട്സും വരവ് ചെലവ് കണക്കുകളും ലഭ്യമാക്കുന്ന മുറയ്ക്ക് അധിക തുക ഉടൻ അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ടാക്സ് ഒഴിവാക്കുന്നത് സംബന്ധിച്ച് ഇന്ന് വൈകുന്നേരം ആലോചന നടക്കുന്നുണ്ട്. അതുകഴിഞ്ഞ് പറയാം.

11.00 AM]

9. കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം

ശ്രീ. ഇ. കെ. വിജയൻ: സർ, കഴിഞ്ഞ നാലഞ്ച് മാസത്തിനിടയ്ക്ക് വേനൽ മഴയിലും കാലവർഷ കെടുതിയിലുംപെട്ട് നാദാപുരം മണ്ഡലത്തിലെ രണ്ടുമൂന്ന് പഞ്ചായത്തുകളിൽ വ്യാപകമായി കൃഷിനാശം സംഭവിച്ചിരിക്കുകയാണ്. വാണിമേൽ, കായക്കൊടി, കാവിലുംപാറ, മരുതോങ്കര തുടങ്ങിയ പഞ്ചായത്തുകളിൽ വ്യാപകമായും മറ്റു ചില ഗ്രാമപഞ്ചായത്തുകളിലും മലയോര മണ്ഡലമായതുകൊണ്ടു തന്നെ എല്ലാ വർഷവും ഉണ്ടാകുന്നതുപോലെ ഈ വർഷവും കാലവർഷക്കെടുതിയിൽ കൃഷിക്കാർക്ക് വലിയ നഷ്ടം സംഭവിച്ചിരിക്കുകയാണ്. അവിടെയുള്ള തെങ്ങ്, വാഴ, കവുങ്ങ് തുടങ്ങിയ കൃഷികൾക്കാണ് നാശം സംഭവിച്ചിട്ടുള്ളത്. കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന പാവപ്പെട്ട ചെറുകിട കർഷകരാണ് ഏറിയ പങ്കും. വലിയ തോതിലുള്ള

LIBRARY ARCHIVES Kerala Legislative Assembly